ജനയുഗം
JANAYUGOM
28 December 2018

# മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണ പാഠങ്ങളൊരുക്കി സിഎംഎഫ്ആർഐ

കൊച്ചി: അഭിരുചിക്ക് യോജിച്ച തൊഴിൽ നേടാൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് ശാക്തീകരണ പാഠങ്ങളൊരുക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലുള്ള മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘവുമായി (സാഫ്) സഹകരിച്ചാണ് സിഎംഎഫ്ആർഐ തീരനൈപുണ്യ പരിശീലന പരിപാടി സംഘടിപ്പിച്ചത്. രണ്ട് മാസം നീണ്ടുനിന്ന ബഹുമുഖ തൊഴിൽ പരിശീലനത്തിൽ എറണാകുളം ജില്ലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും 40 വനിതകളാണ് പങ്കെടുത്തത്.

വിദ്യാഭ്യാസ യോഗ്യതകൾക്കും അഭിരുചികൾക്കുമനുസരിച്ച് യോജിച്ച തൊഴിൽ നേടാനുമായിരുന്നു പ്രധാന പരിശീലനം. കൂടാതെ, തുടർവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും സ്വയം സംരംഭകരാകാനുള്ള പരിശീലനവും നൽകി.

ആദ്യത്തെ ഒരു മാസം 70 ഓളം വിദഗ്ധരുടെ മേൽനോട്ടത്തിൽ വ്യക്തിത്വ വികസനം, നേതൃപാടവ ശേഷി, ആശയവിനിമയം, മത്സരപരീക്ഷാ പരിജ്ഞാനം തുടങ്ങിയ മേഖലകളിൽ ക്ലാസുകളും അടുത്ത മാസം അംഗങ്ങളുടെ അഭിരുചിക്കനുസരിച്ച് യോജിച്ച തൊഴിൽ സ്ഥാപനങ്ങളിൽ പ്രായോഗിക പരിശീലനവുമാണ് നൽകിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് സ്റ്റേഷൻ, ആശുപത്രി, ബിസിനസ് സംരഭങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങി 35 സ്ഥാപനങ്ങളിൽ സ്റ്റൈപ്പന്റോടു കൂടിയായിരുന്നു പ്രായോഗിക പരിശീലനം.

ഞാറയ്ക്കൽ സ്വദേശി കാർത്തിക മനോജ് ഏറ്റവും മികവ് തെളിയിച്ച പഠിതാവായി തെരഞ്ഞെടുക്കപ്പെട്ടു. പുണിത്തുറയിലെ ലക്ഷ്മി എസ് ബാബു, വൈക്കം സ്വദേശി സുഷ്മിത എൻ എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. തുടർച്ചയായി നാലാമത്തെ തീരനൈപുണ്യ ബാച്ചാണ് ഇതോടെ സിഎംഎഫ്ആർഐയുടെ പരിശീലനം പൂർത്തിയാക്കിയത്. കഴിഞ്ഞ ഒക്ടോബർ 20 നാണ് ഈ വർഷത്തെ പരിശീലനം ആരംഭിച്ചത്.

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ പരിശീലനം നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരികയാണ് പദ്ധതിയുടെ ലക്ഷ്യം. സാമ്പത്തിക സ്വാശ്രയത്വം കൈവരിച്ച് മറ്റ് സാമൂഹിക മുന്നേറ്റങ്ങളുടെ ഭാഗമാകാൻ മത്സ്യത്തൊഴിലാളി സമൂഹത്തിന് കരുത്ത് പകരുന്നതാണ് തീരനൈപുണ്യ പദ്ധതി. സിഎംഎഫ്ആർഐ യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ശ്യാം എസ് സലീം ആണ് തീരനൈപുണ്യ പദ്ധതിയുടെ കോഴ്സ് ഡയറക്ടർ. പരിശീലനത്തിന് ശേഷമുള്ള തുടർപ്രവർത്തനങ്ങളിലും തൊഴിലന്വേഷണങ്ങളിലും പദ്ധതിയിൽ പങ്കാളികളായവർക്ക് സിഎംഎഫ്ആർഐയുടെ സഹായമുണ്ടാകും. ഇതുവരെ മൂന്ന് ബാച്ചുകളാണ് തീരനൈപുണ്യ പദ്ധതിയുടെ കീഴിൽ സിഎംഎഫ്ആർഐയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയത്.

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ്ടുവിനും അതിന് മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് തീരനൈപുണ്യ പരിശീലന പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്.